"ഭരണഭാഷ-മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ
ഡവലപ്മെന്റ് &എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. ഡിബി.1/ഡി.ബി.5/9495/09/സിഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യു തീയതി: 16/08/2021

## സർക്കുലർ

വിഷയം:- ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് – സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് - സംബന്ധിച്ച്

സൂചന:-
1. സർക്കാരിൽ നിന്നുള്ള 11/08/2021 ലെ ഇ.ഡബ്ല്യു.എ3/261/2021-തദ്ദേശസ്വയംഭരണ നമ്പർ കത്ത്
2. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 21/06/2019 ലെ 4231/14/എൽ.എ.2/2017/Ke SCPCR നമ്പർ ഉത്തരവ്
3. ഈ ഓഫീസിൽ നിന്നും സർക്കാരിലേക്ക് നൽകിയ 29/03/2021, 28/06/2021 തീയതികളിലെ ഇതേ നമ്പർ കത്തുകൾ

*****

സ്കൂൾ ക്ലാസുകളിൽ ആസ്ബറ്റോസ് മേൽക്കൂര മാറ്റുന്നതിനുള്ള സമയപരിധി 08/10/2021 ൽ നിശ്ചയിച്ചിരിക്കുന്നതിനാൽ, ടി കാലയളവ് വരെ മാത്രം ഭാഗിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും, ആസ്ബറ്റോസ് ഷീറ്റ് മാറ്റുന്ന മുറയ്ക്ക് ശേഷമുള്ള കാലയളവിലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കാനും, സൂചന (1) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. സൂചന (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിലെ നിലവിലെ GI/അലൂമിനിയം ഷീറ്റ് മേൽക്കൂരകൾ മാറ്റുന്നതിന് പകരം മുറികളിൽ സീലിംഗ് നടത്തി ആവശ്യത്തിന് ഫാനുകൾ നിർബന്ധമാക്കി, ആയതിന്റെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കാൻ ഉത്തരവ് ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് സൂചന (3) പ്രകാരം സർക്കാരിലേക്ക് കത്ത് നൽകിയിരുന്നു. ആയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സൂചന

(1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ ക്ലാസുകളിലെ GI/അലുമിനിയം ഷീറ്റുകൾ മാറ്റുന്നതിന് പകരം ടി ഷീറ്റുകൾ മേഞ്ഞ ക്ലാസ് മുറികളിൽ സീലിംഗും, കൂടാതെ വൈദ്യുതീകരണവും നടത്തിക്കൊണ്ട് ആവശ്യത്തിന് ഫാനുകളും നിർബന്ധമാക്കുന്നതിനും, ഇതിൻ പ്രകാരം സ്കൂളിന് ഫിറ്റ്നസ് നൽകുന്നതിനും നിർദ്ദേശിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിലേക്കായി വിശദമായ നിർദ്ദേശങ്ങൾ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി ഇത് സംബന്ധിച്ച് നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും ക്ഷണിക്കുന്നു. എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ അവരുടെ അഭിപ്രായങ്ങൾ/നിർദ്ദേങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക ബ്ലോഗായ celsgdofficial.blogspot.com ൽ 02/09/2021 ന് മുമ്പായി രേഖപ്പെടുത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

**Link to Blog**

എൻ.പി/-